## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.7646      15-07-2014-ൽ മറുപടിക്ക്

### ലഹരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്കുള്ള ധനസഹായ വിതരണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. മുരളീധരൻ:<br>" തേറമ്പിൽ രാമകൃഷ്ണൻ:<br>" റ്റി. എൻ. പ്രതാപൻ:<br>" ഷാഫി പറമ്പിൽ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ലഹരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്കുള്ള ധനസഹായ വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) സമൂഹത്തിൽ വർദ്ധിച്ചു വരുന്ന അമിത മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയിൽ നിന്നും കേരള സമൂഹത്തെ വിമുക്തമാക്കുക, മദ്യ-മയക്കു മരുന്നുകൾക്ക് അടിമകളായവരെ ലഹരി വിമുക്ത ചികിത്സയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നിവയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. കെ.എസ്.ബി.സി.യുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി നീക്കിവയ്ക്കുന്ന തുക ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ മേൽനോട്ട ചുമതല സംസ്ഥാന എക്സൈസ് വകുപ്പിനാണ്. |
| (സി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ; | (സി) സർക്കാർ / സർക്കാരിതര ലഹരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്ക് ചികിൽസാ ധനസഹായം, സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തുന്ന ലഹരിവിമുക്ത ബോധവൽക്കരണ ചികിൽസാ ക്യാമ്പുകൾക്ക് ധനസഹായം എന്നീ രണ്ട് വിഭാഗങ്ങൾക്കാണ് സർക്കാർ നിശ്ചയിച്ച നിബന്ധനകൾ പ്രകാരം ധനസഹായം അനുവദിക്കുന്നത്. |

| | | |
|---|---|---|
| (ഡി) ധനസഹായങ്ങൾ നൽകുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | ധനസഹായത്തിന് അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി 04-01-2013-ലെ ജി.ഒ. (ആർറ്റി)നം.13/2013/നിവ., 29-10-2013-ലെ ജി.ഒ. (ആർറ്റി)നം.848/2013/നിവ. എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനതല സമിതിയും, ജില്ലാതല സമിതിയും രൂപീകരിച്ച് ഉത്തരവാകുകയും, ഇതിലേയ്ക്കായുള്ള മാർഗ്ഗരേഖ, 23-08-2013-ലെ ജി.ഒ. (എംഎസ്)നം.147/13/നിവ. പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച അപേക്ഷകൾ ടി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയും, സംസ്ഥാനതല സമിതിയും പരിശോധിച്ച് ശുപാർശ ചെയ്ത 11 സ്ഥാപനങ്ങൾക്ക് 09-06-2014-ലെ ജി.ഒ. (എംഎസ്) നം.86/14/നിവ. ഉത്തരവ് പ്രകാരം 1,00,35,840/- രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ളതും, ഇതിന്റെ ആദ്യതവണയായി 40,14,336/- രൂപ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

ഡോക്ടർ എം.കെ. മുനീർ